(എഫ്) ലോക ബാങ്ക് കരാർ അനുസരിച്ച് പദ്ധതിക്കു ലഭിച്ച തുക മുഴുവനും 1996 ജനുവരി ഒന്നു മുതൽ അർദ്ധ വാർഷിക തവണകളായി 2035 ജൂലായ് ഒന്നിനു മുമ്പ് തീർക്കേണ്ടതായിരുന്നു. എന്നാൽ, വായ്പ തിരിച്ചടയ്ക്കേണ്ട സമയം 5 വർഷം കൂടി നീട്ടി കിട്ടിയിട്ടുള്ളതിനാൽ 2001 ജനുവരി ഒന്നു മുതലാണ് വായ്പ തിരിച്ചടയ്ക്കേണ്ടത്.

53 (1159) ജലസേചന പദ്ധതിക്ക് നബാർഡിന്റെ സാമ്പത്തിക സഹായം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചനവകുപ്പ് നടപ്പിലാക്കുന്ന ചെറുകിട ജലസേചന പദ്ധതികൾക്ക് നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ;

(ബി) ഈ വർഷം എത്ര പദ്ധതികൾക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്;

(സി) കാസർഗോഡ് ജില്ലയിലെ ഏതെല്ലാം പദ്ധതികൾ ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ജലസേചനവകുപ്പ് നടപ്പിലാക്കുന്ന എല്ലാ ചെറുകിട ജലസേചനപദ്ധതികൾക്കും നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നില്ല. ജലസേചനവകുപ്പ് നബാർഡിലേക്ക് സാമ്പത്തികസഹായത്തിന് ശുപാർശ ചെയ്യുന്ന പദ്ധതികൾ നബാർഡ് അവരുടെ മാനദണ്ഡം അനുസരിച്ച് വിലയിരുത്തി പദ്ധതികൾ തെരഞ്ഞെടുക്കുന്നു.

(ബി) ഈ വർഷം റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലെപ്പ്മെന്റ് ഫണ്ട് V-ൽ (ആർ.ഐ.ഡി.എഫ്. V) ഉൾപ്പെടുത്തി സാമ്പത്തികസഹായം ലഭിക്കുന്നതിനായി 86 ചെറുകിട ജലസേചന പദ്ധതികൾ നബാർഡ് അംഗീകരിച്ചിട്ടുണ്ട്.

(സി) റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ട് IV-ൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽനിന്നും 16 ചെറുകിട ജലസേചന പദ്ധതികൾക്ക് നബാർഡ് അംഗീകാരം നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. ഇവകൂടാതെ ആർ.ഐ.ഡി.എഫ്-1ൽ ഒന്നും ആർ.ഐ.ഡി.എഫ്-II-ൽ ഏഴും പദ്ധതികളുടെ പണികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ 7 പണികൾ പൂർത്തിയാക്കുകയും അതിന്റെ പണി പുരോഗമിച്ചുവരുകയും ചെയ്യുന്നു.

54 (1160) ത്വരിത ഗ്രാമീണ പദ്ധതിക്ക് കേന്ദ്രസഹായം

ശ്രീ. കെ. പ്രകാശ്ബാബു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly